സർക്കാർ പ്രസ്സിലെ കോപ്പി ഫോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് നടന്നതായ ആരോപണം

55 (55) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. പി. കെ. കെ ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സർക്കാർ പ്രസ്സിലെ കോപ്പി ഹോൾഡർ തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് നടന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1997 മേയ് 27-ാം തീയതി നടന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് നിയമനത്തിന് ശുപാർശ ചെയ്യപ്പെട്ടവർ എത്ര ;

(സി) ശുപാർശ ചെയ്യപ്പെട്ടവരെല്ലാം തന്നെ ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ആശ്രിതരോ ആണെന്നുള്ള പരാതി അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നത് അടക്കമുള്ള എല്ലാ ക്രമക്കേടുകളും അന്വേഷിക്കുമോ ;

(ഇ) പരീക്ഷയിൽ ക്രമക്കേടുകളും കൃത്രിമവും കാട്ടിയവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാനും ക്രമരഹിതമായി ഉണ്ടാക്കിയ ലിസ്റ്റ് റദ്ദാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഇതു സംബന്ധിച്ച ഒരു പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണപരിഷ്കാര വകുപ്പ് പരിശോധിച്ചു വരുന്നു.

ഭരണഭാഷ മലയാളമാക്കുന്നതിന് നടപടി

56 (56) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനായി സംസ്ഥാനസർക്കാർ ഏർപ്പെടുത്തി വരുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly